# ക്രിസ്തുവിനെ അനുഭമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (3)

ദൂത് ഏഴ്

## രക്ഷയുടെ കാരണഭൂതനും (സേനാപതിയും) മുൻഗാമിയുമായവൻ തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിച്ചും പാളയത്തിന് പുറത്ത് പോയും അനേകം പുത്രന്മാരെ തേജസ്സിലേക്ക് നയിക്കുന്നു

EM *Hymns*: ML46, ML522

തിരുവെഴുത്ത് വായന: എബ്രാ. 2:10-11; 6:19-20; 13:13

എബ്രാ. 2:10 എന്തെന്നാൽ സകലവും തനിക്കുവേണ്ടിയും സകലവും തന്നിലൂടെയും ഉളവാക്കിയവന്, അനേകം പുത്രന്മാരെ തേജസ്സിലേക്ക് നയിക്കുന്നതിൽ, അവരുടെ രക്ഷയുടെ കാരണഭൂതനെ കഷ്ടാനുഭവങ്ങളിലൂടെ തികഞ്ഞവനാക്കുന്നത് ഉചിതമായിരുന്നു.

എബ്രാ. 2:11 എന്തെന്നാൽ വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവരും എല്ലാം ഒരുവനിൽ നിന്നാകുന്നു, ഇക്കാരണത്താൽ അവൻ അവരെ സഹോദരന്മാർ എന്നു വിളിക്കുവാൻ ലജ്ജിക്കുന്നില്ല,

എബ്രാ. 6:19 അത് ഭദ്രവും ദൃഢവും തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുന്നതുമായി, ദേഹിയുടെ നങ്കൂരമായി നമുക്കുണ്ട്,

എബ്രാ. 6:20 അവിടെ മുൻഗാമിയായ യേശു, മൽക്കീസേദെക്കിന്റെ ക്രമപ്രകാരം എന്നേക്കും മഹാപുരോഹിതനായിത്തീർന്ന്, നമുക്കായി പ്രവേശിച്ചിരിക്കുന്നു.

എബ്രാ. 13:13 അതുകൊണ്ട് നമുക്ക് അവന്റെ നിന്ദ വഹിച്ചുകൊണ്ട്, പാളയത്തിനു പുറത്ത് അവങ്കലേക്ക് പുറപ്പെട്ടുപോകാം.

I. **ദൈവത്തിന്റെ നിത്യ ലക്ഷ്യം അനേകം പുത്രന്മാരെ തേജസ്സിലേക്ക് കൊണ്ടുവരിക എന്നതാണ്:**

A. ദൈവം നമ്മെ ദൈവത്തിന്റെ ആവിഷ്കാരമായ, ദൈവം ആവിഷ്കരിക്കപ്പെടുന്നതായ, തന്റെ തേജസ്സിനായി സൃഷ്ടിക്കുകയും രൂപപ്പെടുത്തുകയും നിർമ്മിക്കുകയും ചെയ്തു; നമുക്ക് ദൈവത്തിന് ചെയ്യാൻ കഴിയുന്ന ഏറ്റവും ഉന്നത സേവനം തേജസ്സിൽ അവനെ വെളിപ്പെടുത്തുക എന്നതാണ്—യെശ. 43:7; 1 കൊരി. 6:20; 10:31; 2 കൊരി. 3:8-9, 18; 4:1, 5; പുറ. 40:34.

യെശ. 43:7 എന്റെ നാമത്തിൽ വിളിച്ചും എന്റെ മഹത്വത്തിന്നായി സൃഷ്ടിച്ചു നിർമ്മിച്ചു ഉണ്ടാക്കിയും ഇരിക്കുന്ന ഏവരെയും കൊണ്ടുവരിക എന്നു ഞാൻ കല്പിക്കും.

1 കൊരി. 6:20 നിങ്ങളെ വിലയ്ക്ക് വാങ്ങിയിരിക്കുന്നു. അതിനാൽ നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുവിൻ.

1 കൊരി. 10:31 അതുകൊണ്ട് നിങ്ങൾ ഭക്ഷിച്ചാലും പാനം ചെയ്താലും,

മറ്റെന്തു ചെയ്താലും, സകലവും ദൈവത്തിന്റെ മഹത്വത്തിനായി ചെയ്യുവിൻ.

2 കൊരി. 3:8 ആത്മാവിന്റെ ശുശ്രൂഷ എങ്ങനെ അധികം തേജസ്സിൽ അല്ലാതിരിക്കും?

2 കൊരി. 3:9 ശിക്ഷാവിധിയുടെ ശുശ്രൂഷയിൽ തേജസ്സുണ്ടെങ്കിൽ, അതിലധികമായി നീതിയുടെ ശുശ്രൂഷ തേജസ്സുകൊണ്ട് സമൃദ്ധമാകുന്നു.

2 കൊരി. 3:18 എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു.

2 കൊരി. 4:1 അതുകൊണ്ട് ഞങ്ങളോട് കരുണ കാണിച്ചതുപോലെ ഈ ശുശ്രൂഷ ഉള്ളതുകൊണ്ട്, ഞങ്ങൾ അധൈര്യപ്പെടുന്നില്ല;

2 കൊരി. 4:5 എന്തെന്നാൽ ഞങ്ങളെത്തന്നെയല്ല ക്രിസ്തു യേശുവിനെ കർത്താവായും ഞങ്ങളെ യേശു നിമിത്തം നിങ്ങളുടെ അടിമകളായുമത്രേ ഞങ്ങൾ പ്രസംഗിക്കുന്നത്.

പുറ. 40:34 അപ്പോൾ മേഘം സമാഗമനകൂടാരത്തെ മൂടി, യഹോവയുടെ തേജസ്സു തിരുനിവാസത്തെ നിറെച്ചു.

B. ദൈവത്തിന്റെ നിത്യോദ്ദേശ്യം തന്റെ വീണ്ടെടുക്കപ്പെട്ട ജനത്തിലൂടെ ഒരു സംഘാതമായ രീതിയിൽ അവനെത്തന്നെ ആവിഷ്കരിക്കുകയാണ്—ഉല്പ. 1:26; എഫെ. 3:16-17, 21.

ഉല്പ. 1:26 അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു.

എഫെ. 3:16 അത് തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം, അവന്റെ ആത്മാവിലൂടെ നിങ്ങൾ അകത്തെ മനുഷ്യനിലേക്ക് ശക്തിയോടെ ബലപ്പെടുവാനും,

എഫെ. 3:17a അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും,...

എഫെ. 3:21 സഭയിലും ക്രിസ്തു യേശുവിലും എല്ലാ തലമുറകളോളം എന്നെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ..

C. ദൈവതേജസ്സുള്ള പുതിയ യെരൂശലേം ദൈവത്തിന്റെ സംഘാത ആവിഷ്കാരമാണ്:

1. ഒടുവിൽ നഗരത്തെ ദൈവത്തിന്റെ ദൃഷ്ടഭാവം വഹിക്കാൻ ഇടയാക്കിക്കൊണ്ട് മുഴുവൻ നഗരത്തിലൂടെയും ദൈവം വെളിച്ചമായി കുഞ്ഞാടിലും കുഞ്ഞാടിലൂടെയും വിളക്കായി പ്രകാശിക്കുന്നു—വെളി. 21:10-11, 18, 23; 4:3.

വെളി. 21:10 അവൻ എന്നെ ആത്മാവിൽ വലുതും ഉയർന്നതുമായ

ഒരു മലമേൽ എടുത്തുകൊണ്ടുപോയി, യെരൂശലേം എന്ന വിശുദ്ധനഗരം സ്വർഗത്തിൽ നിന്ന് ദൈവത്തിന്റെ പക്കൽനിന്ന്, ദൈവ തേജസ്സുള്ളതായി ഇറങ്ങിവരുന്നത് കാണിച്ചുതന്നു.

വെളി. 21:11 അവളുടെ വെളിച്ചം ഏറ്റവും വിലയേറിയ കല്ലുപോലെ, സ്ഫടിക സ്വച്ഛമായ സൂര്യകാന്തം പോലെ ആയിരുന്നു.

വെളി. 21:18 മതിലിന്റെ പണി സൂര്യകാന്തം ആയിരുന്നു; നഗരം സ്വച്ഛമായ കണ്ണാടിപോലെ, ശുദ്ധതങ്കമായിരുന്നു.

വെളി. 21:23 നഗരത്തിൽ പ്രകാശിക്കുവാൻ സൂര്യനോ ചന്ദ്രനോ ആവശ്യമില്ല, ദൈവതേജസ്സ് അതിനെ പ്രകാശിപ്പിച്ചു, കുഞ്ഞാട് അതിന്റെ വിളക്കാകുന്നു.

വെളി. 4:3 ഇരിക്കുന്നവൻ കാഴ്ച്ചയ്ക്കു സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശൻ, സിംഹാസനത്തിനു ചുറ്റും കാഴ്ച്ചയ്ക്കു മരതകത്തോട് സദൃശമായ ഒരു മഴവില്ലും ഉണ്ടായിരുന്നു.

2. പുതിയ യെരൂശലേമിലേക്ക് നോക്കുമ്പോൾ, നാം ദൈവത്തിന്റെ ആവിഷ്കാരം കാണുന്നു—വിളക്കിലെ വെളിച്ചം സൂര്യകാന്തത്തിലൂടെ പ്രകാശിക്കുന്നു.

D. തേജസ്സിലേക്കുള്ള നമ്മുടെ പൂർണ്ണ രക്ഷയുടെ കാരണഭൂതൻ (സേനാപതി) ക്രിസ്തുവാണ്—എബ്രാ. 2:3, 10:

എബ്രാ. 2:3 കർത്താവ് അരുളിച്ചെയ്തതിൽ അതിന്റെ ആരംഭവും, കേട്ടവർ നമുക്ക് ഉറപ്പിച്ചുതന്നതും,

എബ്രാ. 2:10 എന്തെന്നാൽ സകലവും തനിക്കുവേണ്ടിയും സകലവും തന്നിലൂടെയും ഉളവാക്കിയവന്, അനേകം പുത്രന്മാരെ തേജസ്സിലേക്ക് നയിക്കുന്നതിൽ, അവരുടെ രക്ഷയുടെ കാരണഭൂതനെ കഷ്ടാനുഭവങ്ങളിലൂടെ തികഞ്ഞവനാക്കുന്നത് ഉചിതമായിരുന്നു.

1. മരിക്കാൻ ഭൂമിയിലേക്ക് വീഴുകയും, പുനരുത്ഥാനത്തിൽ തേജസ്സിൽ പുഷ്പിക്കാൻ വളരുകയും ചെയ്ത ദിവ്യ തേജസ്സിന്റെ വിത്തായിരുന്നു യേശു—യോഹ. 12:23-24; ലൂക്കൊ. 24:26; 1 കൊരി. 15:36, 43.

യോഹ. 12:23 യേശു അവരോട് ഉത്തരം പറഞ്ഞത്, മനുഷ്യപുത്രൻ തേജസ്കരിക്കപ്പെടുവാനുള്ള നാഴിക വന്നിരിക്കുന്നു.

യോഹ. 12:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു.

ലൂക്കൊ. 24:26 ക്രിസ്തു ഈ കാര്യങ്ങൾ സഹിക്കുകയും തന്റെ തേജസ്സിലേക്കു പ്രവേശിക്കുകയും ചെയ്യേണ്ടത് ആവശ്യമായിരുന്നില്ലയോ?

1 കൊരി. 15:36 മൂഢാ, നീ വിതയ്ക്കുന്നത് ചാകാത്തിടത്തോളം അത് ജീവിക്കുന്നില്ല;

1 കൊരി. 15:43a അപമാനത്തിൽ വിതയ്ക്കപ്പെടുന്നു, തേജസ്സിൽ

ഉയിർപ്പിക്കപ്പെടുന്നു; ...

2. അവന്റെ വളർച്ചയിലൂടെ, അവന്റെ മനുഷ്യത്വവും മനുഷ്യപ്രകൃതിയും ഉൾപ്പെടെ അവന്റെ മുഴുവൻ ആളത്തവും ദൈവത്തിന്റെ തേജോമയമായ ആവിഷ്കാരത്തിലേക്ക് കൊണ്ടുവരപ്പെട്ടു.
3. അവൻ "തേജസ്സിൽ ഒരു നരൻ", ദൈവത്തിന്റെ ആവിഷ്കാരത്തിലുള്ള നരൻ, ദൈവത്തിന്റെ ആവിഷ്കാരമായ, ദൈവത്തിന്റെ തേജസ്സ് പോലുമായ നരനാണ്—*ഗീതം,* #ML46.

*Hymns*, #ML46

1
തേജസ്സിൽ ഒരു നരൻ
തൻ ജീവൻ എനിക്കായി.
നിർമ്മലൻ, വിശുദ്ധൻ,
ജയാളി, സ്വതന്ത്രൻ.
ജ്ഞാനി, സ്നേഹവാൻ,
മൃദുലവാനവൻ!
തേജസ്സിൽ തൻ ജീവൻ,
എൻ ജീവനാകണം;
തേജസ്സിൽ തൻ ജീവൻ,
എൻ ജീവനാകണം.

2
തേജസ്സിൽ ഒരു നരൻ
തൻ ജീവൻ എനിക്കായി.
സാത്താനെ ജയിച്ചവൻ;
സ്വതന്ത്രനും.
രാജകീയമായ്!
ജീവനിൽ വാഴുന്നു.
തേജസ്സിൽ തൻ ജീവൻ,
എൻ ജീവനാകേണം;
തേജസ്സിൽ തൻ ജീവൻ,
എൻ ജീവനാകേണം.

3
തേജസ്സിൽ ഒരു നരൻ
തൻ ജീവൻ എനിക്കായി.
രോഗവും, ക്ഷീണവും,
അവനിലില്ല.
ഊർജ്ജസ്വലതയും,
ശക്തിയും ഉള്ളോൻ!

തേജസ്സിൽ തൻ ജീവൻ,
എൻ ജീവനാകണം;
തേജസ്സിൽ തൻ ജീവൻ,
എൻ ജീവനാകണം.

4
തേജസ്സിൽ ഒരു നരൻ
തൻ ജീവൻ എനിക്കായി.
തൻ ശാന്തി വസിക്കുന്നു;
ക്ഷമയുള്ളവൻ!
സന്തോഷവാൻ, അവൻ,
പ്രതീക്ഷിക്കുന്നു
തേജസ്സിൽ തൻ ജീവൻ,
എന്നിൽ വെളിവാകാൻ;
തേജസ്സിൽ തൻ ജീവൻ,
എന്നിൽ വെളിവാകാൻ.

E. കാരണഭൂതൻ, സേനാപതി, വഴിയൊരുക്കുന്നവൻ, മുൻഗാമി (എബ്രാ. 6:20) എന്നീ നിലകളിൽ, ക്രിസ്തു തേജസ്സിലേക്ക് പ്രവേശിക്കുവാൻ നേതൃത്വം എടുത്തു, അവന്റെ അനുയായികളായ നാം, ദൈവം നമുക്ക് നിയോഗിച്ച അതേ തേജസ്സിലേക്ക് കൊണ്ടുവരപ്പെടുവാൻ അതേ വഴി എടുക്കുന്നു (1 കൊരി. 2:7; 1 തെസ്സ. 2:12).

| | |
|---|---|
| എബ്രാ. 6:20 | അവിടെ മുൻഗാമിയായ യേശു, മൽക്കീസേദെക്കിന്റെ ക്രമപ്രകാരം എന്നേക്കും മഹാപുരോഹിതനായിത്തീർന്ന്, നമുക്കായി പ്രവേശിച്ചിരിക്കുന്നു. |
| 1 കൊരി. 2:7 | നമ്മുടെ തേജസ്സിനായി ദൈവം യുഗങ്ങൾക്കു മുമ്പേ മുൻനിർണയിച്ചതും, മറയ്ക്കപ്പെട്ടിരുന്നതുമായ, ദൈവത്തിന്റെ ജ്ഞാനമത്രേ മർമ്മമായി ഞങ്ങൾ സംസാരിക്കുന്നത്. |
| 1 തെസ്സ. 2:12 | ഒരു അപ്പൻ തന്റെ സ്വന്തം മക്കളോടെന്നപോലെ നിങ്ങളെ പ്രബോധിപ്പിച്ചും സാന്ത്വനപ്പെടുത്തിയും സാക്ഷ്യപ്പെടുത്തിയുംകൊണ്ട്, ഞങ്ങൾ നിങ്ങൾ ഓരോരുത്തരോടും എപ്രകാരം ആയിരുന്നു എന്ന് നിങ്ങൾ അറിയുന്നുവല്ലോ. |

F. രക്ഷയുടെ കാരണഭൂതൻ (സേനാപതി) ആയ, തേജസ്സിലുള്ള നരൻ, ദൈവത്തിന്റെ തേജസ്സായ നരൻ, നമ്മുടെ ഉള്ളിലുള്ള തേജസ്സിന്റെ വിത്താണ്—കൊലൊ. 1:27; 1 യോഹ. 3:9:

| | |
|---|---|
| കൊലൊ. 1:27 | അവരോടു ജാതികൾക്കിടയിലെ ഈ മർമത്തിന്റെ മഹിമാധനം എന്തെന്ന് അറിയിക്കുവാൻ ദൈവം ഇച്ഛിച്ചു, അത് മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതുതന്നെ, |

1 യോഹ. 3:9 ദൈവത്തിൽനിന്ന് ജനിച്ചവൻ ആരും, അവന്റെ വിത്ത് അവനിൽ വസിക്കുന്നതുകൊണ്ട്, പാപം അഭ്യസിക്കുന്നില്ല; അവൻ ദൈവത്തിൽനിന്ന് ജനിച്ചിരിക്കുന്നതുകൊണ്ട് പാപം ചെയ്യുവാൻ കഴിയുന്നതുമില്ല.

1. നമ്മുടെ രക്ഷകൻ തേജസ്സിലേക്ക് പോരാടാൻ നേതൃത്വം എടുത്തു; അവന്റെ മുഴുജീവിതവും തേജസ്സിനായുള്ള പോരാട്ട പ്രക്രിയയായിരുന്നു—ലൂക്കൊ. 12:49-50.

ലൂക്കൊ. 12:49 ഭൂമിയിൽ തീ ഇടുവാൻ ഞാൻ വന്നിരിക്കുന്നു, അത് ഇപ്പോഴെ കത്തിച്ചിരുന്നെങ്കിൽ എന്നു ഞാൻ എത്രമാത്രം ആഗ്രഹിക്കുന്നു!

ലൂക്കൊ. 12:50 എന്നാൽ എനിക്കു സ്നാനപ്പെടുവാൻ ഒരു സ്നാനമുണ്ട്, അതു നിറവേറുംവരെ ഞാൻ എത്രത്തോളം ഞെരുങ്ങുന്നു!

2. നമ്മുടെ ഉള്ളിലുള്ള തേജസ്സിന്റെ വിത്തിന്റെ വളർച്ച ഒരു പോരാട്ട പ്രക്രിയയാണ്.
3. നമ്മുടെ ഉള്ളിൽനിന്ന് ദിവ്യ മൂലകം പുഷ്പിക്കുന്നതാണ് തേജസ്സ്.
4. നാം പ്രവേശിക്കുന്ന തേജസ്സ് ഒരു വിത്തായി നമ്മിൽ വിതയ്ക്കപ്പെട്ട ദിവ്യ മൂലകത്തിന്റെ തേജസ്സാണ്—2 തെസ്സ. 1:10.

2 തെസ്സ. 1:10 അവർ കർത്താവിന്റെ സന്നിധിയിൽ നിന്നും അവന്റെ ബലത്തിന്റെ മഹത്വത്തിൽ നിന്നും നിത്യനാശം എന്ന പിഴ കൊടുക്കും.

G. കഷ്ടാനുഭവത്തിന്റെ പ്രക്രിയയിലൂടെ നാം തേജസ്സിലേക്ക്, ദൈവത്തിന്റെ ആവിഷ്കാരത്തിലേക്ക് രക്ഷിക്കപ്പെടുന്നു; സീയോനിലേക്കുള്ള പെരുവഴികളിലൂടെയുള്ള നമ്മുടെ എല്ലാ കഷ്ടാനുഭവങ്ങളും ക്രിസ്തുവിന്റെ തേജോമയയായ മണവാട്ടിയാകത്തക്കവണ്ണം നമ്മെ തേജസ്സിൽനിന്ന് തേജസ്സിലേക്ക് രൂപാന്തരപ്പെടുവാൻ സഹായിക്കുന്നു—എബ്രാ. 10:32-35; 2 കൊരി. 4:16-18; സങ്കീ. 84:5-7; 2 കൊരി. 3:18; റോമ. 8:17-18, 21.

എബ്രാ. 10:32 എന്നാൽ പ്രകാശനം ലഭിച്ചിട്ട്, കഷ്ടങ്ങളുടെ വലിയ സംഘർഷം സഹിച്ച മുമ്പത്തെ നാളുകളെ ഓർത്തുകൊള്ളുവിൻ;

എബ്രാ. 10:33 ഒരുവശത്ത് നിന്ദകളിലും പീഡകളിലും കൂത്തുകാഴ്ചയാക്കപ്പെട്ടും, മറുവശത്ത് അങ്ങനെതന്നെ അനുഭവിച്ചവരോടുകൂടെ പങ്കാളികളായിത്തീർന്നും തന്നെ.

എബ്രാ. 10:34 എന്തെന്നാൽ ബന്ധനങ്ങളിൽ ആയിരുന്നവരോടു നിങ്ങൾ സഹതപിക്കുകയും, നിങ്ങൾക്കു മേന്മയേറിയതും നിലനിൽക്കുന്നതുമായ സമ്പത്തുണ്ടെന്ന് അറിഞ്ഞുകൊണ്ട്, നിങ്ങളുടെ സമ്പത്തിന്റെ അപഹരണം സന്തോഷത്തോടെ കൈക്കൊള്ളുകയും ചെയ്തു.

എബ്രാ. 10:35 അതുകൊണ്ട് വലിയ പ്രതിഫലമുള്ള നിങ്ങളുടെ ധൈര്യത്തെ തള്ളിക്കളയരുത്.

2 കൊരി. 4:16 അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെട്ടുപോകുന്നില്ല; എന്നാൽ

| | |
|---|---|
| | ഞങ്ങളുടെ പുറത്തെ മനുഷ്യൻ ക്ഷയിച്ചുപോകുന്നെങ്കിലും ഞങ്ങളുടെ അകത്തെ മനുഷ്യൻ ദിനംപ്രതി പുതുക്കപ്പെടുന്നു. |
| 2 കൊരി. 4:17 | ഞങ്ങളുടെ ക്ഷണികമായ ലഘു ക്ലേശം ഞങ്ങൾക്കുവേണ്ടി, അതിയായി കവിയുന്ന, നിത്യമായ ഘന തേജസ്സ് പുറപ്പെടുവിക്കുന്നു, |
| 2 കൊരി. 4:18 | എന്തുകൊണ്ടെന്നാൽ ഞങ്ങൾ കാണുന്നവയെ അല്ല കാണാത്തവയെ അത്രേ കരുതുന്നത്; കാണുന്നവ താൽക്കാലികവും, കാണാത്തവ നിത്യവും ആകുന്നു. |
| സങ്കീ. 84:5 | ബലം നിന്നിൽ ഉള്ള മനുഷ്യൻ ഭാഗ്യവാൻ; ഇങ്ങിനെയുള്ളവരുടെ മനസ്സിൽ സീയോനിലേക്കുള്ള പെരുവഴികൾ ഉണ്ടു. |
| സങ്കീ. 84:6 | കണ്ണുനീർ താഴ്വരയിൽകൂടി കടക്കുമ്പോൾ അവർ അതിനെ ജലാശയമാക്കിത്തീർക്കുന്നു. മുന്മഴയാൽ അതു അനുഗ്രഹപൂർണ്ണമായ്തീരുന്നു. |
| സങ്കീ. 84:7 | അവർ മേല്ക്കുമേൽ ബലം പ്രാപിക്കുന്നു; എല്ലാവരും സീയോനിൽ ദൈവസന്നിധിയിൽ ചെന്നെത്തുന്നു. |
| 2 കൊരി. 3:18 | എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു. |
| റോമ. 8:17 | മക്കൾ എങ്കിൽ അവകാശികളും ആകുന്നു; ഒരുവശത്ത്, ദൈവത്തിന്റെ അവകാശികൾ മറുവശത്ത്, ക്രിസ്തുവിനോടുകൂടെ കൂട്ടവകാശികൾ; നാം അവനോടുകൂടെ തേജസ്കരിക്കപ്പെടേണ്ടതിന് തീർച്ചയായും നാം അവനോടുകൂടെ കഷ്ടം അനുഭവിക്കുന്നെങ്കിലത്രേ. |
| റോമ. 8:18 | എന്തെന്നാൽ നമ്മുടെമേൽ വെളിപ്പെടുവാനിരിക്കുന്ന വരുവാനുള്ള തേജസ്സിനോടു താരതമ്യം ചെയ്യുവാൻ ഈ കാലത്തുള്ള കഷ്ടങ്ങൾ യോഗ്യമല്ല എന്ന് ഞാൻ നിരൂപിക്കുന്നു. |
| റോമ. 8:21 | അതിന്റെ സ്വന്ത ഹിതത്താലല്ല, അതിനെ കീഴ്പ്പെടുത്തിയവൻ നിമിത്തം വ്യർഥതയ്ക്ക് കീഴ്പ്പെട്ടിരിക്കുന്നു. |

H. നമ്മുടെ രക്ഷയുടെ കാരണഭൂതൻ (സേനാപതി) എന്ന നിലയിൽ ക്രിസ്തു നമുക്കുവേണ്ടി പ്രാർഥിക്കുവാനും നമ്മിലേക്ക് ദൈവത്തെ ശുശ്രൂഷിക്കുവാനും നമ്മുടെ മഹാപുരോഹിതനായിരിക്കുന്നതിലൂടെ നമ്മെ തേജസ്സിലേക്ക് നയിക്കാനുള്ള തന്റെ കർത്തവ്യം നിറവേറ്റുന്നു—എബ്രാ. 2:16-18; 7:25; 8:2.

| | |
|---|---|
| എബ്രാ. 2:16 | നിശ്ചയമായും ദൂതന്മാർക്കല്ല അബ്രഹാമിന്റെ സന്തതിക്കത്രേ അവൻ തുണ നൽകുന്നത്. |
| എബ്രാ. 2:17 | അതുകൊണ്ട് ജനത്തിന്റെ പാപങ്ങൾക്ക് അനുനയം വരുത്തുവാൻ, ദൈവത്തെ സംബന്ധിച്ച കാര്യങ്ങളിൽ അവൻ കരുണയുള്ളവനും വിശ്വസ്തനുമായ മഹാപുരോഹിതനാകേണ്ടതിന്, അവനെ സകലത്തിലും തന്റെ |

സഹോദരന്മാരെ പോലെയാക്കേണ്ടത് ആവശ്യമായിരുന്നു.

എബ്രാ. 2:18 — എന്തെന്നാൽ താൻതന്നെ കഷ്ടം അനുഭവിച്ചിരിക്കുന്നതിൽ പരീക്ഷിക്കപ്പെട്ടതിനാൽ, പരീക്ഷിക്കപ്പെടുന്നുവർക്കു തുണയേകുവാൻ അവൻ പ്രാപ്തനാകുന്നു.

എബ്രാ. 7:25 — അതിനാൽ അവനിലൂടെ ദൈവത്തിന്റെ അടുക്കൽ മുമ്പോട്ടു കടന്നു വരുന്നവർക്കു വേണ്ടി പക്ഷവാദം ചെയ്യുവാൻ അവൻ എപ്പോഴും ജീവിക്കുന്നതിനാൽ, അവരെ അങ്ങേയറ്റം രക്ഷിക്കുവാൻ പ്രാപ്തനാകുന്നു.

എബ്രാ. 8:2 — വിശുദ്ധസ്ഥലങ്ങളുടെ, മനുഷ്യനല്ല കർത്താവ് ഉറപ്പിച്ച സത്യകൂടാരത്തിന്റെ തന്നെ ശുശ്രൂഷകനായ ഇങ്ങനെ ഒരു മഹാപുരോഹിതൻ നമുക്കുണ്ട്.

I. രക്ഷയുടെ കാരണഭൂതൻ (സേനാപതി) എന്ന നിലയിൽ ക്രിസ്തു അനേകം പുത്രന്മാരെ വിശുദ്ധീകരണത്തിലൂടെ ജൈവികമായി രക്ഷിച്ചുകൊണ്ട് ദൈവത്തിന്റെ സംഘാത ആവിഷ്കാരമായ തേജസ്സിലേക്ക് നയിക്കുന്നു; ഈ ദിവ്യ വിശുദ്ധീകരണം നമ്മുടെ ആത്മാവിലുള്ള വിശുദ്ധീകരിക്കുന്ന ആത്മാവിനാൽ നിർവഹിക്കപ്പെടുന്നു—2:10-11; എഫെ. 1:4-5; 1 തെസ്സ. 5:23; റോമ. 5:10; 15:16; എഫെ. 5:26:

എബ്രാ. 2:10 — എന്തെന്നാൽ സകലവും തനിക്കുവേണ്ടിയും സകലവും തന്നിലൂടെയും ഉളവാക്കിയവന്, അനേകം പുത്രന്മാരെ തേജസ്സിലേക്ക് നയിക്കുന്നതിൽ, അവരുടെ രക്ഷയുടെ കാരണഭൂതനെ കഷ്ടാനുഭവങ്ങളിലൂടെ തികഞ്ഞവനാക്കുന്നത് ഉചിതമായിരുന്നു.

എബ്രാ. 2:11 — എന്തെന്നാൽ വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവരും എല്ലാം ഒരുവനിൽ നിന്നാകുന്നു, ഇക്കാരണത്താൽ അവൻ അവരെ സഹോദരന്മാർ എന്നു വിളിക്കുവാൻ ലജ്ജിക്കുന്നില്ല,

എഫെ. 1:4 — സ്നേഹത്തിൽ നാം അവനു മുമ്പാകെ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്, തന്റെ ഹിതത്തിന്റെ സുപ്രസാദത്തിനൊത്തവണ്ണം,

എഫെ. 1:5 — യേശു ക്രിസ്തു മുഖാന്തരം തനിക്കുതന്നെ പുത്രത്വത്തിങ്കലേക്കു നമ്മെ മുൻനിയമിച്ചുകൊണ്ട്, ലോകസ്ഥാപനത്തിനു മുമ്പേ അവനിൽ നമ്മെ അവൻ തിരഞ്ഞെടുത്തു,

1 തെസ്സ. 5:23 — അനന്തരം സമാധാനത്തിന്റെ ദൈവം താൻതന്നെ നിങ്ങളെ മുഴുവനും വിശുദ്ധീകരിക്കുമാറാകട്ടെ, നിങ്ങളുടെ ആത്മാവും ദേഹിയും ദേഹവും സമ്പൂർണമായി, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ, വരവിൽ, കുറ്റമില്ലാതെ സൂക്ഷിക്കപ്പെടുമാറാകട്ടെ.

റോമ. 5:10 — ശത്രുക്കളായിരിക്കുമ്പോൾത്തന്നെ, നമുക്ക് അവന്റെ പുത്രന്റെ മരണത്തിലൂടെ ദൈവത്തോട് നിരപ്പ് വന്നു എങ്കിൽ, നിരന്ന ശേഷം, നാം അവന്റെ, ജീവനിൽ എത്ര അധികമായി രക്ഷിക്കപ്പെടും,

റോമ. 15:16 അത്, ജാതികൾ എന്ന വഴിപാട് പരിശുദ്ധാത്മാവിൽ വിശുദ്ധീകരിക്കപ്പെട്ടിട്ട് സ്വീകാര്യമാകേണ്ടതിന്, ദൈവത്തിന്റെ സുവിശേഷത്തിന്റെ അധ്വാനിക്കുന്ന പുരോഹിതനായി, ഞാൻ ജാതികൾക്ക് ക്രിസ്തു യേശുവിന്റെ ശുശ്രൂഷകൻ ആകേണ്ടതിന് തന്നെ.

എഫെ. 5:26 അത് അവൻ വചനത്തിലെ ജലത്തിന്റെ കഴുകലാൽ വെടിപ്പാക്കി അവളെ വിശുദ്ധീകരിക്കേണ്ടതിനും,

1. ദിവ്യപുത്രത്വത്തിനായുള്ള ദിവ്യ വിശുദ്ധീകരണം ദിവ്യ വ്യവസ്ഥയുടെ കേന്ദ്രവും പുതിയനിയമത്തിലെ വെളിപാടിന്റെ കേന്ദ്രീയ ചിന്തയുമാണ്.
2. നാം ദൈവത്തിന്റെ ആവിഷ്കാരമായിത്തീരുവാൻ ദൈവത്തിന്റെ ജീവനിലും സ്വഭാവത്തിലും (എന്നാൽ ദൈവത്വത്തിലല്ല) ദൈവത്തെപ്പോലെ ആയിത്തീരേണ്ടതിന് നമ്മെ ദൈവത്തിന്റെ പുത്രന്മാരാക്കിക്കൊണ്ട്, നമ്മെ ദിവ്യമായി "പുത്രവൽക്കരിക്കുന്ന" ദിവ്യ വ്യവസ്ഥയുടെ നിർവഹണത്തിൽ ദിവ്യ വിശുദ്ധീകരണമാണ് നിലനിർത്തുന്ന രേഖ:
   a. അന്വേഷിക്കുന്ന വിശുദ്ധീകരണം, അഥവാ പ്രാരംഭ വിശുദ്ധീകരണം, നമ്മെ ദൈവത്തിങ്കലേക്ക് മടക്കിക്കൊണ്ടുവരുന്നതിന് മാനസാന്തരത്തിങ്കലേക്കാണ്—1 പത്രൊ. 1:2; ലൂക്കൊ. 15:8-10, 17-21.

1 പത്രൊ. 1:2 പിതാവായ ദൈവത്തിന്റെ, മുന്നറിവിനൊത്തവണ്ണം ആത്മാവിന്റ, വിശുദ്ധീകരണത്തിൽ യേശു ക്രിസ്തുവിന്റെ രക്തത്തിന്റെ, അനുസരണത്തിനും തളിക്കലിനും തിരഞ്ഞെടുക്കപ്പെട്ടവർക്ക്: നിങ്ങൾക്കു കൃപയും സമാധാനവും പെരുകുമാറാകട്ടെ.

ലൂക്കൊ. 15:8 അല്ലെങ്കിൽ ഏതു സ്ത്രീ തനിക്കു പത്തു വെള്ളിനാണയങ്ങൾ ഉണ്ടായിട്ട്, ഒരു നാണയം നഷ്ടമാകുന്നു എങ്കിൽ, വിളക്കു കത്തിക്കുകയും, വീടു അടിച്ചുവാരുകയും, അതു കണ്ടെത്തുംവരെ സൂക്ഷ്മതയോടെ അന്വേഷിക്കാതിരിക്കുകയും ചെയ്യും?

ലൂക്കൊ. 15:9 അതു കണ്ടെത്തുമ്പോഴോ, എന്നോടൊപ്പം സന്തോഷിക്കുവിൻ, എനിക്കു നഷ്ടമായ നാണയം ഞാൻ കണ്ടെത്തിയിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട്, തന്റെ സ്നേഹിതമാരെയും അയൽക്കാരത്തികളെയും അവൾ വിളിച്ചു കൂട്ടുന്നു.

ലൂക്കൊ. 15:10 അങ്ങനെതന്നെ, ഞാൻ നിങ്ങളോടു പറയുന്നു, ദൈവദൂതന്മാരുടെ സന്നിധിയിൽ മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സന്തോഷം ഉണ്ടാകുന്നു.

ലൂക്കൊ. 15:17 എന്നാൽ അവൻ തന്നിലേക്കു തന്നെ വന്നപ്പോൾ, അവൻ പറഞ്ഞു, എന്റെ

പിതാവിന്റെ എത്ര കൂലിവേലക്കാർക്ക് അപ്പത്തിന്റെ സമൃദ്ധിയുണ്ട്, എന്നാൽ ഞാനോ ഇവിടെ ക്ഷാമത്തിൽ നശിക്കുന്നു!

ലൂക്കൊ. 15:18 ഞാൻ എഴുന്നേറ്റ് എന്റെ പിതാവിന്റെ അടുക്കൽ പോകും, ഞാൻ അവനോടു പറയും, പിതാവേ, ഞാൻ സ്വർഗത്തിന് എതിരായും നിന്റെ മുമ്പാകെയും പാപം ചെയ്തിരിക്കുന്നു.

ലൂക്കൊ. 15:19 ഇനിമേൽ നിന്റെ പുത്രൻ എന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല; നിന്റെ കൂലിവേലക്കാരിൽ ഒരുവനെപ്പോലെ എന്നെ ആക്കേണമേ.

ലൂക്കൊ. 15:20 അവൻ എഴുന്നേറ്റു തന്റെ സ്വന്തം പിതാവിന്റെ അടുക്കൽ വന്നു. എന്നാൽ അവൻ വളരെ ദൂരെ ആയിരിക്കുമ്പോൾ തന്നെ, അവന്റെ പിതാവ് അവനെ കണ്ട് മനസ്സലിവുണ്ടാകുകയും, ഓടി അവന്റെ കഴുത്തിന്മേൽ വീഴുകയും വാത്സല്യപൂർവം അവനെ ചുംബിക്കുകയും ചെയ്തു.

ലൂക്കൊ. 15:21 പുത്രൻ അവനോട്, പിതാവേ, ഞാൻ സ്വർഗത്തിന് എതിരായും നിന്റെ മുമ്പാകെയും പാപം ചെയ്തിരിക്കുന്നു; ഇനിമേൽ നിന്റെ പുത്രൻ എന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല എന്നു പറഞ്ഞു.

b. നമ്മെ ആദാമിൽനിന്ന് ക്രിസ്തുവിലേക്ക് സ്ഥാനമാറ്റം ചെയ്യുന്നതിന്, ക്രിസ്തുവിന്റെ രക്തത്തിലൂടെയാണ് വീണ്ടെടുപ്പിൻ വിശുദ്ധീകരണം, അഥവാ സ്ഥാനീയ വിശുദ്ധീകരണം—എബ്രാ. 13:12.

എബ്രാ. 13:12 അതുകൊണ്ട് യേശുവും, തന്റെ സ്വന്തം രക്തത്തിലൂടെ ജനത്തെ വിശുദ്ധീകരിക്കേണ്ടതിന്, കവാടത്തിനു പുറത്ത് കഷ്ടം സഹിച്ചു.

c. സ്വഭാവപരമായ വിശുദ്ധീകരണത്തിന്റെ ആരംഭമായ വീണ്ടുംജനന വിശുദ്ധീകരണം, പാപികളായ നമ്മെ ദൈവപുത്രന്മാരാക്കാൻ നമ്മുടെ ആത്മാവിൽനിന്ന് നമ്മെ പുതുക്കുന്നു—2 കൊരി. 5:17; യോഹന്നാൻ 1:12-13.

2 കൊരി. 5:17 അതുകൊണ്ട് ഒരുവൻ ക്രിസ്തുവിലാണെങ്കിൽ, അവൻ പുതിയ സൃഷ്ടി ആകുന്നു. പഴയവ നീങ്ങിപ്പോയി, ഇതാ, അവ പുതുതായിത്തീർന്നിരിക്കുന്നു.

യോഹ. 1:12 എന്നാൽ അവനെ സ്വീകരിച്ചവർക്ക് അത്രയും, അവന്റെ നാമത്തിലേക്കു വിശ്വസിച്ചവർക്കുതന്നെ, ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകി,

| | |
|---|---|
| യോഹ. 1:13 | അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഹിതത്തിൽ നിന്നല്ല, മനുഷ്യന്റെ ഹിതത്തിൽ നിന്നുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്. |

d. സ്വഭാവപരമായ വിശുദ്ധീകരണത്തിന്റെ തുടർച്ചയായ പുതുക്കുന്ന വിശുദ്ധീകരണം, നമ്മുടെ മനസ്സിൽനിന്ന് നമ്മുടെ ദേഹിയുടെ എല്ലാ ഭാഗങ്ങളെയും പുതുക്കി, നമ്മുടെ ദേഹിയെ ദൈവത്തിന്റെ പുതിയ സൃഷ്ടിയുടെ ഭാഗമാക്കുന്നു—റോമ. 12:2; എഫെ. 4:23; ഗലാ. 6:15.

| | |
|---|---|
| റോമ. 12:2 | ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ. |
| എഫെ. 4:23 | നിങ്ങളുടെ മനസ്സിന്റെ ആത്മാവിൽ പുതുക്കപ്പെടുകയും, |
| ഗലാ. 6:15 | പരിച്ഛേദനയും അഗ്രചർമവും ഏതുമല്ല, പുതിയ സൃഷ്ടിയത്രേ കാര്യം. |

e. ദൈനംദിന വിശുദ്ധീകരണമായ, രൂപാന്തരപ്പെടുന്ന വിശുദ്ധീകരണം ക്രിസ്തുവിന്റെ ജൈവിക ശരീരത്തിന്റെ ഭാഗമെന്ന നിലയിൽ നമ്മെ ഒരു പുതിയ സംരചനയാക്കുവാൻ ക്രിസ്തുവിന്റെ മൂലകത്താൽ ചയാപചയപരമായി നമ്മെ പുനഃസംരചിക്കുന്നു—2 കൊരി. 4:16; 1 കൊരി. 3:12.

| | |
|---|---|
| 2 കൊരി. 4:16 | അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെട്ടുപോകുന്നില്ല; എന്നാൽ ഞങ്ങളുടെ പുറത്തെ മനുഷ്യൻ ക്ഷയിച്ചുപോകുന്നെങ്കിലും ഞങ്ങളുടെ അകത്തെ മനുഷ്യൻ ദിനംപ്രതി പുതുക്കപ്പെടുന്നു. |
| 1 കൊരി. 3:12 | എന്നാൽ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും പൊന്ന്, വെള്ളി, വിലയേറിയ കല്ലുകൾ, മരം, പുല്ല്, വൈക്കോൽ എന്നിവകൊണ്ട് പണിയുന്നു എങ്കിൽ, |

f. അനുരൂപീകരണ വിശുദ്ധീകരണം, അഥവാ രൂപപ്പെടുത്തുന്ന വിശുദ്ധീകരണം, നമ്മെ ക്രിസ്തുവിന്റെ ആവിഷ്കാരമാക്കുന്നതിന് തേജോമയനായ ക്രിസ്തുവിന്റെ സ്വരൂപത്തിൽ രൂപപ്പെടുത്തുന്നു—റോമ. 8:28-29; 2 കൊരി. 3:18.

| | |
|---|---|
| റോമ. 8:28 | ദൈവത്തെ സ്നേഹിക്കുന്നവർക്ക്, തന്റെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെട്ടവർക്ക്, സകല കാര്യങ്ങളും നന്മയ്ക്കായി ഒന്നിച്ച് പ്രവർത്തിക്കുന്നു എന്ന് നാം അറിയുന്നു. |
| റോമ. 8:29 | എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ |

സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

2 കൊരി. 3:18 എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു.

g. തേജസ്കരിക്കുന്ന വിശുദ്ധീകരണം, അഥവാ പരിണത വിശുദ്ധീകരണം, നമ്മെ ക്രിസ്തുവിന്റെ പൂർണ്ണാവിഷ്കാരമാക്കുവാൻ നമ്മുടെ ശരീരത്തെ കായാന്തരപ്പെടുത്തി വീണ്ടെടുക്കുന്നു—ഫിലി. 3:21; റോമ. 8:23.

ഫിലി. 3:21 അവൻ സകലത്തെയും തനിക്കുതന്നെ കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരത്തിനൊത്തവണ്ണം, നമ്മുടെ താഴ്ച്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപപ്പെടുമാറ് കായാന്തരപ്പെടുത്തും.

റോമ. 8:23 അതു മാത്രമല്ല, ആത്മാവിന്റെ ആദ്യഫലം ഉള്ളവരായ നാമും, നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ, പുത്രത്വത്തെ പ്രതീക്ഷയോടെ കാത്തിരുന്നുകൊണ്ട് നമ്മിൽത്തന്നെ ഞരങ്ങുന്നു.

**II. എബ്രായലേഖനത്തിന്റെ ലക്ഷ്യം, അഥവാ ആത്യന്തിക ഉപസംഹാരം, നാം തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിച്ച് പാളയത്തിന് പുറത്ത് പോകണം എന്നാണ്—6:19-20; 13:13; *ഗീതം,* #ML522:**

എബ്രാ. 6:19 അത് ഭദ്രവും ദൃഢവും തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുന്നതുമായി, ദേഹിയുടെ നങ്കൂരമായി നമുക്കുണ്ട്,

എബ്രാ. 6:20 അവിടെ മുൻഗാമിയായ യേശു, മൽക്കീസേദെക്കിന്റെ ക്രമപ്രകാരം എന്നേക്കും മഹാപുരോഹിതനായിത്തീർന്ന്, നമുക്കായി പ്രവേശിച്ചിരിക്കുന്നു.

എബ്രാ. 13:13 അതുകൊണ്ട് നമുക്ക് അവന്റെ നിന്ദ വഹിച്ചുകൊണ്ട്, പാളയത്തിനു പുറത്ത് അവങ്കലേക്ക് പുറപ്പെട്ടുപോകാം.

*Hymns*, #ML522

1

മറയ്ക്കുള്ളിൽ, പാളയം കൂടാതെ ,
സ്വർഗം നുകർന്ന്, ലോകം ത്യജിക്ക;
അതിവിശുദ്ധിയാൽ തൃപ്തനെങ്കിൽ,
ഭൗമ മായ എങ്ങനെ പങ്കിടും?

2

മറയ്ക്കുള്ളിൽ, പാളയം കൂടാതെ,

സ്വർഗ്ഗ സാന്നിധ്യത്താൽ ഭൂമി നീങ്ങും;
തേജസ്സെൻ ആത്മാവെ വലിക്കുകിൽ,
ഭൗമ സന്തോഷം സ്പർശിക്കില്ലെന്നെ.

3
മറയ്ക്കുള്ളിൽ, ക്രിസ്തുവേ നോക്കുക,
പാളയത്തിനു പുറത്തു പോക;
സിംഹാസനം ഇവിടെ ഉണ്ടെങ്കിൽ,
ക്രൂശ് എൻ ചുവട് തടുക്കില്ല.

4
മറയ്ക്കുള്ളിൽ, പുനരു' ശക്തിയ്ക്കായി
പാളയം വിട്ട്, ക്രൂശ് വഹിക്ക,
തന്റെ മുഖം സ്വർഗ്ഗത്തിൽ ഞാൻ കണ്ടാൽ,
തൻ കാലടി ഭൂമിയിൽ പിൻപറ്റും.

5
മറയ്ക്കുള്ളിൽ, തൻ ഭോജ്യം ഭുജിച്ച്,
ക്ലേശത്തിൽ സ്ഥിരോത്സാഹം പിൻപറ്റി;
ക്ലേശം എൻ ഹൃത്തെ ദണ്ഡിപ്പിച്ചാലും,
എന്റെ ആത്മാവ് സന്തോഷിച്ചിടും.

6
മറയ്ക്കുള്ളിൽ, തൻ ധനം രുചിക്ക,
നരന്റെ ആവശ്യങ്ങൾ നൽകുക;
തൻ ജീവൻ എന്നിലൂടെ ജീവിച്ച്,
ദേഹികളെ തൃപ്ത്തിപ്പെടുത്തിടും.

7
മറയ്ക്കുള്ളിൽ, പാളയം കൂടാതെ,
രണ്ടും പൂർണമായി നീങ്ങുംവരെയും;
സ്വർഗം ഭൂമി ഒന്നായിടും വരെ,
ദൈവം നരൻ ഒന്നായിടും വരെ.

A. തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുക എന്നതിനർഥം കർത്താവ് തേജസ്സിൽ സിംഹാസനസ്ഥനായിരിക്കുന്ന അതിവിശുദ്ധ സ്ഥലത്തേക്ക് പ്രവേശിക്കുക എന്നാണ്, പാളയത്തിന് പുറത്ത് പോകുക എന്നതിനർഥം കർത്താവിനെ തിരസ്കരിച്ച മതത്തിൽനിന്ന് പുറത്തുവരുക എന്നാണ്:
   1. ഭൗമികവും മാനുഷികവുമായ മതസംഘടനയെ പാളയം സൂചിപ്പിക്കുന്നു.
   2. എല്ലാ മതങ്ങളും ദൈവത്തിന്റെ വ്യവസ്ഥയിൽനിന്ന് ജനത്തെ അകറ്റി നിർത്തുന്ന ഒരു മനുഷ്യ സംഘടനയും ഭൗമിക മണ്ഡലവുമാണ്.

B. അനുഭവപരമായി പറഞ്ഞാൽ, ഇന്ന് പ്രായോഗികമായ അതിവിശുദ്ധസ്ഥലം സ്ഥിതി ചെയ്യുകയും, മതത്തിന് പുറത്ത്, ഇന്ന് പ്രായോഗിക പാളയം സ്ഥിതി ചെയ്യുകയും ചെയ്യുന്നിടമായ നമ്മുടെ ആത്മാവിൽ ആയിരിക്കണം നാം:

1. നാം സ്വർഗീയ ക്രിസ്തുവിനെ ആസ്വദിച്ചുകൊണ്ട് എത്രത്തോളം നമ്മുടെ ആത്മാവിൽ ആയിരിക്കുന്നുവോ, അത്രത്തോളം നാം കഷ്ടമനുഭവിക്കുന്ന യേശുവിനെ അനുഗമിച്ചുകൊണ്ട് മതത്തിന്റെ പാളയത്തിന് പുറത്തുവരും.
2. തേജസ്സിലുള്ള സ്വർഗീയ ക്രിസ്തുവിനെ ബന്ധപ്പെടാൻ നാം എത്രത്തോളം നമ്മുടെ ആത്മാവിൽ നിലനിൽക്കുമോ, അത്രത്തോളം നാം താഴ്മയുള്ള യേശുവിങ്കലേക്ക് അവനോടൊപ്പം കഷ്ടം സഹിക്കുവാൻ മതത്തിന്റെ പാളയത്തിന് പുറത്ത് പോകും.
3. യഥാർഥ പുതിയനിയമ ശുശ്രൂഷ നമ്മെ തിരശ്ശീലയ്ക്കുള്ളിൽ, നമ്മുടെ ആത്മാവിൽ, ക്രിസ്തുവിന്റെ ആസ്വാദനത്തിലേക്ക് കൊണ്ടുവരുകയും, അവന്റെ ശരീരത്തിനുവേണ്ടി അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയിൽ പാളയത്തിന് പുറത്ത് യേശുവിനെ അനുഗമിക്കുവാൻ നമ്മെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു—2 കൊരി. 11:2-3, 23-33.

| | |
|---|---|
| 2 കൊരി. 11:2 | എന്തെന്നാൽ ഞാൻ നിങ്ങളെക്കുറിച്ച് ദൈവത്തിന്റെ തീക്ഷ്ണതയോടെ തീക്ഷ്ണതയുള്ളവനാകുന്നു; ഞാൻ ക്രിസ്തു എന്ന ഏക ഭർത്താവിന് നിങ്ങളെ നിർമല കന്യകയായി മുൻനിർത്തുവാൻ വിവാഹനിശ്ചയം ചെയ്തു. |
| 2 കൊരി. 11:3 | എന്നാൽ സർപ്പം തന്റെ കൗശലത്താൽ ഹവ്വയെ വഞ്ചിച്ചതുപോലെ, നിങ്ങളുടെ ചിന്തകൾ ക്രിസ്തുവിനോടുള്ള ലാളിത്യത്തിലും നിർമലതയിലും നിന്ന് ഏതെങ്കിലും വിധത്തിൽ ദുഷിക്കപ്പെടുമോ എന്ന് ഞാൻ ഭയപ്പെടുന്നു. |
| 2 കൊരി. 11:23 | അവർ ക്രിസ്തുവിന്റെ ശുശ്രൂഷകരോ? ഞാൻ സുബോധം നഷ്ടപ്പെട്ടവനെ പോലെ സംസാരിക്കുന്നു, ഞാൻ അധികമായി തന്നെ! അധികമായി അധ്വാനിച്ചു, അധികമായി തടവിലായി, ധാരാളം അടികൊണ്ടു, പലപ്പോഴും മരണങ്ങളിൽ. |
| 2 കൊരി. 11:24 | യെഹൂദന്മാരുടെ കരങ്ങളിൻകീഴിൽ ഒന്ന് കുറച്ച് നാൽപത് അടി അഞ്ചു തവണ എനിക്ക് ലഭിച്ചു; |
| 2 കൊരി. 11:25 | മൂന്നു പ്രാവശ്യം ഞാൻ ദണ്ഡുകളാൽ അടിക്കപ്പെട്ടു, ഒരിക്കൽ കല്ലെറിയപ്പെട്ടു, മൂന്നു പ്രാവശ്യം കപ്പൽച്ഛേതത്തിൽപ്പെട്ടു, ഒരു രാവും ഒരു പകലും ഞാൻ ആഴത്തിൽ ചെലവഴിച്ചു. |
| 2 കൊരി. 11:26 | പലപ്പോഴും യാത്ര ചെയ്തു, നദികളിലെ ആപത്തുകൾ, കൊള്ളക്കാരാലുള്ള ആപത്തുകൾ, എന്റെ വംശത്താലുള്ള ആപത്തുകൾ, ജാതികളാലുള്ള ആപത്തുകൾ, പട്ടണത്തിലെ ആപത്തുകൾ, മരുഭൂമിയിലെ ആപത്തുകൾ, കടലിലെ ആപത്തുകൾ, കള്ളസഹോദരന്മാരാലുള്ള ആപത്തുകൾ; |

| | |
|---|---|
| 2 കൊരി. 11:27 | അധ്വാനത്തിലും കഷ്ടപ്പാടിലും; പലപ്പോഴും ഉറക്കിളച്ചു; വിശന്നും ദാഹിച്ചും; പലപ്പോഴായുള്ള ഉപവാസങ്ങൾ; തണുപ്പിലും നഗ്നതയിലും — |
| 2 കൊരി. 11:28 | സൂചിപ്പിക്കാത്തവ കൂടാതെ ഇതും ഉണ്ട്: ദിനംതോറും എന്റെ മേൽ ഞെരുക്കുന്ന വിചാരങ്ങളുടെ കൂട്ടമായ, സകല സഭകൾക്കും വേണ്ടിയുള്ള ഉത്കണ്ഠാപൂർവകമായ കരുതൽ. |
| 2 കൊരി. 11:29 | ആർ ബലഹീനനായിട്ട് ഞാൻ ബലഹീനൻ ആകാതിരിക്കുന്നു? ആർ ഇടറിയിട്ട് ഞാൻതന്നെ എരിയാതിരിക്കുന്നു? |
| 2 കൊരി. 11:30 | ഞാൻ പ്രശംസിക്കണമെങ്കിൽ, എന്റെ ബലഹീനതയുടെ കാര്യങ്ങളെക്കുറിച്ച് ഞാൻ പ്രശംസിക്കും. |
| 2 കൊരി. 11:31 | ഞാൻ കളവല്ല പറയുന്നതെന്ന് കർത്താവായ യേശുവിന്റെ ദൈവവും പിതാവുമായി, എന്നേക്കും വാഴ്ത്തപ്പെട്ടവൻ അറിയുന്നു. |
| 2 കൊരി. 11:32 | ദമസ്കൊസിൽ, എന്നെ പിടികൂടുവാനായി അരേതാ രാജാവിൻ കീഴിലുള്ള ഭരണാധികാരി ദമസ്കരുടെ പട്ടണം കാവൽ ചെയ്തു. |
| 2 കൊരി. 11:33 | ജനാലയിലൂടെ ഒരു കുട്ടയിൽ, മതിൽ വഴിയായി എന്നെ ഇറക്കി, അവന്റെ കരങ്ങളിൽനിന്ന് രക്ഷപെട്ടു. |

4. പാളയത്തിന് പുറത്തുള്ള ദാഹിക്കുന്ന ആത്മാക്കൾക്ക് ക്രിസ്തുവിനെ ശുശ്രൂഷിക്കാൻ നാം സജ്ജരാകത്തക്കവണ്ണം, തിരശ്ശീലയ്ക്കുള്ളിൽ സ്വർഗീയ ക്രിസ്തുവിന്റെ ശുശ്രൂഷയിൽ നാം പങ്കുകൊള്ളുന്നു.

C. തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുക എന്നാൽ നമ്മുടെ ആത്മാവിലേക്ക് പ്രവേശിക്കുകയാണ്; നമ്മുടെ ആത്മാവിലേക്ക് തിരിഞ്ഞ് നമ്മുടെ ആത്മാവിനെ പ്രയോഗിക്കുമ്പോൾ, നാം തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുന്നു—1 തിമൊ. 4:7-8:

| | |
|---|---|
| 1 തിമൊ. 4:7 | എന്നാൽ അശുദ്ധമായ കിഴവിക്കഥകളെ നിരസിച്ച്, നിന്നെത്തന്നെ ദൈവികതയിങ്കലേക്ക് അഭ്യസിപ്പിക്കുക. |
| 1 തിമൊ. 4:8 | ശരീരാഭ്യാസം അൽപപ്രയോജനമുള്ളതാകുന്നു, എന്നാൽ ഇപ്പോഴുള്ള ജീവന്റെയും വരുവാനുള്ളതിന്റെയും വാഗ്ദത്തമുള്ള ദൈവികത എല്ലാറ്റിനും പ്രയോജനമുള്ളതാകുന്നു. |

1. നമ്മുടെ ആത്മാവിനെ ജ്വലിപ്പിച്ചും, നമ്മുടെ മനസ്സിനെ ആത്മാവിൽ ഉറപ്പിച്ചും, നമ്മുടെ ദേഹിയിൽനിന്ന് നമ്മുടെ ആത്മാവിനെ വിവേചിച്ചുംകൊണ്ട് നമ്മുടെ ആത്മാവിനെ നാം പരിശീലിപ്പിക്കുകയും ഉപയോഗിക്കുകയും പ്രയോഗിക്കുകയും വേണം—2 തിമൊ. 1:6-7; റോമ. 8:5-6; എബ്രാ. 4:12.

| | |
|---|---|
| 2 തിമൊ. 1:6 | ഇതു നിമിത്തം എന്റെ കൈവയ്പിലൂടെ നിന്നിലുള്ള ദൈവത്തിന്റെ വരത്തെ വീശി ജ്വലിപ്പിക്കണമെന്ന് ഞാൻ നിന്നെ ഓർമിപ്പിക്കുന്നു. |
| 2 തിമൊ. 1:7 | ദൈവം നമുക്ക് ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, |

ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ നൽകിയിരിക്കുന്നത്.

| | |
|---|---|
| റോമ. 8:5 | ജഡപ്രകാരമുള്ളവർ ജഡത്തിന്റെ കാര്യങ്ങൾ ശ്രദ്ധിക്കുന്നു, എന്നാൽ ആത്മാവിൻപ്രകാരമുള്ളവർ ആത്മാവിന്റെ കാര്യങ്ങൾ ശ്രദ്ധിക്കുന്നു. |
| റോമ. 8:6 | ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു. |
| എബ്രാ. 4:12 | എന്തെന്നാൽ ദൈവവചനം ജീവനുള്ളതും, വ്യാപരിക്കുന്നതും, ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാൾ മൂർച്ചയേറിയതും, ദേഹിയെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർതിരിക്കുംവരെ തുളച്ചുചെല്ലുന്നതും, ഹൃദയത്തിന്റെ ചിന്തകളും ഉദ്ദേശ്യങ്ങളും വിവേചിക്കുവാൻ കഴിയുന്നതും ആകുന്നു. |

2. നാം അവന്റെ സംഘാത പുനരുൽപ്പാദനമായിത്തീരത്തക്കവണ്ണം, അവനാൽ സന്നിവേശിപ്പിക്കപ്പെടുവാനും നിവേശിപ്പിക്കപ്പെടുവാനും തേജസ്സിലുള്ള മനുഷ്യനായ സ്വർഗീയ ക്രിസ്തുവിനെ നോക്കിക്കൊണ്ട്, അവനുമായി നേരിട്ടുള്ള ബന്ധമുണ്ടായിരിക്കുവാൻ, തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കേണ്ടതിന് നമ്മുടെ ആത്മാവിനെ പ്രയോഗിക്കണം—2 കൊരി. 3:18.

| | |
|---|---|
| 2 കൊരി. 3:18 | എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു. |

3. തിരശ്ശീലയ്ക്കുള്ളിലായിരിക്കുക എന്നാൽ ക്രിസ്തുവിൽ പങ്കുകൊള്ളുകയും, മറഞ്ഞിരിക്കുന്ന മന്ന, തളിർത്ത വടി, ജീവന്റെ പ്രമാണം എന്നീ നിലയിൽ നാം അവനെ ആസ്വദിക്കുകയും ചെയ്യുന്ന മണ്ഡലമായ അതിവിശുദ്ധസ്ഥലത്ത് ആയിരിക്കുന്നതാണ്, അത് ദൈവത്തിന്റെ നിത്യോദ്ദേശ്യത്തിന്റെ പൂർത്തീകരണത്തിനായി അവന്റെ സംഘാത ആവിഷ്കാരത്തിൽ പരിണമിക്കുന്നു—എബ്രാ. 9:3-4.

| | |
|---|---|
| എബ്രാ. 9:3 | രണ്ടാം തിരശ്ശീലക്കു ശേഷം, അതിവിശുദ്ധം എന്നു വിളിക്കുന്ന കൂടാരമുണ്ട്, |
| എബ്രാ. 9:4 | അതിൽ സ്വർണപീഠവും എല്ലായിടവും സ്വർണത്താൽ പൊതിയപ്പെട്ട ഉടമ്പടിയുടെ പെട്ടകവും ഉണ്ട്, അതിനുള്ളിൽ മന്നയുള്ള പൊൻകുടവും അഹരോന്റെ തളിർത്ത വടിയും ഉടമ്പടിയുടെ പലകകളും, |

D. യിസ്രായേൽമക്കൾ സ്വർണ കാളക്കുട്ടിയെ ആരാധിച്ചശേഷം, മോശെ പാളയത്തിന് പുറത്തുള്ള ഒരു സ്ഥലത്തേക്ക് മാറി, അവിടെ കർത്താവിനെ അന്വേഷിച്ച എല്ലാവരും അവനെ കാണാൻ പോയി, കാരണം കർത്താവിന്റെ

സാന്നിധ്യവും സംസാരവും അവിടെയായിരുന്നു—പുറ. 33:7-11; പ്ര.നി. സംഖ്യ. 12:6-8:

| | |
|---|---|
| പുറ. 33:7 | മോശെ കൂടാരം എടുത്തു പാളയത്തിന്നു പുറത്തു പാളയത്തിൽനിന്നു ദൂരത്തു അടിച്ചു; അതിന്നു സമാഗമനകൂടാരം എന്നു പേർ ഇട്ടു. യഹോവയെ അന്വേഷിക്കുന്നവനെല്ലാം പുറപ്പെട്ടു പാളയത്തിന്നു പുറത്തുള്ള സമാഗമനകൂടാരത്തിലേക്കു ചെന്നു. |
| പുറ. 33:8 | മോശെ കൂടാരത്തിലേക്കു പോകുമ്പോൾ ജനം ഒക്കെയും എഴുന്നേറ്റു ഒരോരുത്തൻ താന്താന്റെ കൂടാരവാതിൽക്കൽ നിന്നു, മോശെ കൂടാരത്തിന്നകത്തു കടക്കുവോളം അവനെ നോക്കിക്കൊണ്ടിരുന്നു. |
| പുറ. 33:9 | മോശെ കൂടാരത്തിൽ കടക്കുമ്പോൾ മേഘസ്തംഭം ഇറങ്ങി കൂടാരവാതിൽക്കൽ നിൽക്കയും യഹോവ മോശെയോടു സംസാരിക്കയും ചെയ്തു. |
| പുറ. 33:10 | ജനം എല്ലാം കൂടാരവാതിൽക്കൽ മേഘസ്തംഭം നില്ക്കുന്നതു കണ്ടു. ജനം എല്ലാം എഴുന്നേറ്റു ഓരോരുത്തൻ താന്താന്റെ കൂടാരവാതിൽക്കൽവെച്ചു നമസ്കരിച്ചു. |
| പുറ. 33:11 | ഒരുത്തൻ തന്റെ സ്നേഹിതനോടു സംസാരിക്കുന്നതുപോലെ യഹോവ മോശെയോടു അഭിമുഖമായി സംസാരിച്ചു. പിന്നെ അവൻ പാളയത്തിലേക്കു മടങ്ങിവന്നു; അവന്റെ ശുശ്രൂഷക്കാരനായ നൂന്റെ പുത്രനായ യോശുവ എന്ന ബാല്യക്കാരനോ കൂടാരത്തെ വിട്ടുപിരിയാതിരുന്നു. |
| സംഖ്യ. 12:6 | പിന്നെ അവൻ അരുളിച്ചെയ്തതു: എന്റെ വചനങ്ങളെ കേൾപ്പിൻ; നിങ്ങളുടെ ഇടയിൽ ഒരു പ്രവാചകൻ ഉണ്ടെങ്കിൽ യഹോവയായ ഞാൻ അവന്നു ദർശനത്തിൽ എന്നെ വെളിപ്പെടുത്തുകയും സ്വപ്നത്തിൽ അവനോടു അരുളിച്ചെയ്കയും ചെയ്യും. |
| സംഖ്യ. 12:7 | എന്റെ ദാസനായ മോശെയോ അങ്ങനെയല്ല; അവൻ എന്റെ ഗൃഹത്തിൽ ഒക്കെയും വിശ്വസ്തൻ ആകുന്നു. |
| സംഖ്യ. 12:8 | അവനോടു ഞാൻ അരുളിച്ചെയ്യുന്നതു മറപൊരുളായിട്ടല്ല അഭിമുഖമായിട്ടും സ്പഷ്ടമായിട്ടും അത്രേ; അവൻ യഹോവയുടെ രൂപം കാണുകയും ചെയ്യും. അങ്ങനെയിരിക്കെ നിങ്ങൾ എന്റെ ദാസനായ മോശെക്കു വിരോധമായി സംസാരിപ്പാൻ ശങ്കിക്കാഞ്ഞതു എന്തു? |

1. സ്വർണ കാളക്കുട്ടിയുടെ വിഗ്രഹത്തിന്റെ തത്വത്താൽ നാം മുന്നറിയിപ്പ് ലഭിച്ചവരാകണം, അത് ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട ജനം നിർമ്മിച്ച വിഗ്രഹമായിരുന്നു, അത് അവരെ വിഗ്രഹാരാധനയുടെ പാളയമാക്കി മാറ്റി—1 കൊരി. 10:5-7; യെഹെ. 14:3; 1 യോഹ. 5:21, അടിക്കുറിപ്പ് 2, ഖണ്ഡിക 1:

| | |
|---|---|
| 1 കൊരി. 10:5 | എന്നാൽ അവരിൽ മിക്കവരിലും ദൈവം പ്രസാദിച്ചില്ല, അവരെ മരുഭൂമിയിൽ ചിതറിച്ചുകളഞ്ഞു. |
| 1 കൊരി. 10:6 | അവർ മോഹിച്ചതു പോലെ, നാം ദുർമോഹികൾ ആകാതിരിക്കേണ്ടതിന്, ഇവയൊക്കെയും നമുക്ക് |

| | |
|---|---|
| | ദൃഷ്ടാന്തങ്ങളായി സംഭവിച്ചു. |
| 1 കൊരി. 10:7 | "ജനം ഭക്ഷിക്കുവാനും പാനം ചെയ്യുവാനും ഇരുന്നു, കളിക്കുവാൻ എഴുന്നേറ്റു," എന്ന് എഴുതിയിരിക്കുന്നതുപ്രകാരം, അവരിൽ ചിലർ ചെയ്തതുപോലെ വിഗ്രഹാരാധികൾ ആയിത്തീരരുത്. |
| യെഹെ. 14:3 | മനുഷ്യപുത്രാ, ഈ പുരുഷന്മാർ തങ്ങളുടെ വിഗ്രഹങ്ങളെ ഹൃദയത്തിൽ സ്മരിച്ചു തങ്ങളുടെ അകൃത്യഹേതു തങ്ങളുടെ മുമ്പിൽ വെച്ചിരിക്കുന്നു; അവർ ചോദിച്ചാൽ ഞാൻ ഉത്തരമരുളുമോ? |
| 1 യോഹ. 5:21 | കുഞ്ഞുങ്ങളേ, വിഗ്രഹങ്ങളിൽനിന്ന് നിങ്ങളെത്തന്നെ സൂക്ഷിച്ചു കൊള്ളുവിൻ. |

paragraph 1 of footnote 3

Referring to the heretical substitutes for the true God that were brought in by the Gnostics and the Cerinthians, as revealed in this Epistle and in John's Gospel and as referred to in the preceding verse. The idols here also refer to anything that replaces the real God. As genuine children of the genuine God, we should be on the alert to guard ourselves from these heretical substitutes and from all vain replacements for our genuine and real God, with whom we are organically one and who is eternal life to us. This is the aged apostle's word of warning to all his little children as a conclusion to his Epistle.

a. സ്വയ-സൗന്ദര്യവൽക്കരണം വിഗ്രഹാരാധനയിലേക്ക് നയിക്കുന്നു—പുറ. 32:1-3; 33:5-6; ഉല്പ. 35:2-4; പ്ര.നി. പുറ. 28:2; യെശ. 60:21.

| | |
|---|---|
| പുറ. 32:1 | എന്നാൽ മോശെ പർവ്വതത്തിൽനിന്നു ഇറങ്ങിവരുവാൻ താമസിക്കുന്നു എന്നു ജനം കണ്ടപ്പോൾ ജനം അഹരോന്റെ അടുക്കൽ വന്നുകൂടി അവനോടു: നീ എഴുന്നേറ്റു ഞങ്ങളുടെ മുമ്പിൽ നടക്കേണ്ടതിന്നു ഒരു ദൈവത്തെ ഉണ്ടാക്കി തരിക; ഞങ്ങളെ മിസ്രയീംദേശത്തുനിന്നു പുറപ്പെടുവിച്ചു കൊണ്ടുവന്ന പുരുഷനായ ഈ മോശെക്കു എന്തു ഭവിച്ചു എന്നു ഞങ്ങൾ അറിയുന്നില്ലല്ലോ എന്നു പറഞ്ഞു. |
| പുറ. 32:2 | അഹരോൻ അവരോടു: നിങ്ങളുടെ ഭാര്യമാരുടെയും പുത്രന്മാരുടെയും പുത്രിമാരുടെയും കാതിലെ പൊൻകുണുക്കു പറിച്ചു എന്റെ അടുക്കൽ കൊണ്ടുവരുവിൻ എന്നു പറഞ്ഞു. |
| പുറ. 32:3 | ജനം ഒക്കെയും തങ്ങളുടെ കാതിൽനിന്നു പൊൻകുണുക്കു പറിച്ചു അഹരോന്റെ അടുക്കൽ കൊണ്ടുവന്നു. |
| പുറ. 33:5 | നിങ്ങൾ ദുശ്ശാഠ്യമുള്ള ജനം ആകുന്നു; ഞാൻ |

| | |
|---|---|
| | ഒരു നിമിഷനേരം നിന്റെ നടുവിൽ നടന്നാൽ നിന്നെ സംഹരിച്ചുകളയും; അതുകൊണ്ടു ഞാൻ നിന്നോടു എന്തു ചെയ്യേണം എന്നു അറിയേണ്ടതിന്നു നീ നിന്റെ ആഭരണം നീക്കിക്കളക എന്നിങ്ങനെ യിസ്രായേൽമക്കളോടു പറക എന്നു യഹോവ മോശെയോടു കല്പിച്ചിരുന്നു. |
| പുറ. 33:6 | അങ്ങനെ ഹോരേബ് പർവ്വതത്തിങ്കൽ തുടങ്ങി യിസ്രായേൽമക്കൾ ആഭരണം ധരിച്ചില്ല. |
| ഉല്പ. 35:2 | അപ്പോൾ യാക്കോബ് തന്റെ കുടുംബത്തോടും കൂടെയുള്ള എല്ലാവരോടും: നിങ്ങളുടെ ഇടയിലുള്ള അന്യദേവന്മാരെ നീക്കിക്കളഞ്ഞു നിങ്ങളെ ശുദ്ധീകരിച്ചു വസ്ത്രം മാറുവിൻ. |
| ഉല്പ. 35:3 | നാം പുറപ്പെട്ടു ബേഥേലിലേക്കു പോക; എന്റെ കഷ്ടകാലത്തു എന്റെ പ്രാർത്ഥന കേൾക്കയും ഞാൻ പോയ വഴിയിൽ എന്നോടുകൂടെയിരിക്കയും ചെയ്ത ദൈവത്തിന്നു ഞാൻ അവിടെ ഒരു യാഗപീഠം ഉണ്ടാക്കും എന്നു പറഞ്ഞു. |
| ഉല്പ. 35:4 | അങ്ങനെ അവർ തങ്ങളുടെ പക്കലുള്ള അന്യദേവന്മാരെ ഒക്കെയും കാതുകളിലെ കുണുക്കുകളെയും യാക്കോബിന്റെ പക്കൽ കൊടുത്തു; യാക്കോബ് അവയെ ശെഖേമിന്നരികെയുള്ള കരുവേലകത്തിൻ കീഴിൽ കുഴിച്ചിട്ടു. |
| പുറ. 28:2 | നിന്റെ സഹോദരനായ അഹരോന്നു വേണ്ടി മഹത്വത്തിന്നും അലങ്കാരത്തിന്നുമായി വിശുദ്ധവസ്ത്രം ഉണ്ടാക്കേണം. |
| യെശ. 60:21 | നിന്റെ ജനമൊക്കെയും നീതിമാന്മാരാകും; ഞാൻ മഹത്വപ്പെടേണ്ടതിന്നു എന്റെ നടുതലയുടെ മുളയും എന്റെ കൈകളുടെ പ്രവൃത്തിയും ആയിട്ടു അവർ ദേശത്തെ സദാകാലത്തേക്കു കൈവശമാക്കും. |

b. ദൈവം നമുക്ക് നൽകിയിരിക്കുന്നതിനെ പാഴാക്കുന്നതിനായുള്ള സാത്താന്റെ അപഹണമാണ് വിഗ്രഹാരാധന; അത് ദൈവം നമുക്ക് നൽകിയിരിക്കുന്നതിനെ നാം ദുരുപയോഗം ചെയ്യുകയും ദൈവത്തിന്റെ ഭൗതികവും ആത്മികവുമായ ദാനങ്ങളെ ദൈവത്തിന്റെ ഉദ്ദേശ്യത്തിനായി ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്നതാണ്.

c. വിഗ്രഹാരാധന എന്നത് നാം ആസ്വദിക്കുന്ന കാര്യങ്ങളെ ആരാധിക്കുന്നതാണ്, അത് ആസ്വാദനത്തിന്റെയും, ഉല്ലാസത്തിന്റെയും, വിനോദത്തിന്റെയും ആരാധനയാണ്—പുറ. 32:6, 18-19; പ്ര.നി. സങ്കീ. 36:8-9.

| | |
|---|---|
| പുറ. 32:6 | പിറ്റെന്നാൾ അവർ അതികാലത്തു എഴുന്നേറ്റു ഹോമയാഗങ്ങൾ കഴിച്ചു സമാധാനയാഗങ്ങളും അർപ്പിച്ചു; ജനം ഭക്ഷിപ്പാനും കുടിപ്പാനും ഇരുന്നു കളിപ്പാൻ എഴുന്നേറ്റു. |
| പുറ. 32:18 | അതിന്നു അവൻ: ജയിച്ചു ആർക്കുന്നവരുടെ ഘോഷമല്ല, തോറ്റു നിലവിളിക്കുന്നവരുടെ നിലവിളിയുമല്ല, പ്രതിഗാനം ചെയ്യുന്നവരുടെ ഘോഷമത്രേ ഞാൻ കേൾക്കുന്നതു എന്നു പറഞ്ഞു. |
| പുറ. 32:19 | അവൻ പാളയത്തിന്നു സമീപിച്ചപ്പോൾ കാളക്കുട്ടിയെയും നൃത്തങ്ങളെയും കണ്ടു അപ്പോൾ മോശെയുടെ കോപം ജ്വലിച്ചു അവൻ പലകകളെ കയ്യിൽനിന്നു എറിഞ്ഞു പർവ്വതത്തിന്റെ അടിവാരത്തുവെച്ചു പൊട്ടിച്ചുകളഞ്ഞു. |
| സങ്കീ. 36:8 | നിന്റെ ആലയത്തിലെ പുഷ്ടി അവർ അനുഭവിച്ചു തൃപ്തി പ്രാപിക്കുന്നു; നിന്റെ ആനന്ദനദി നീ അവരെ കുടിപ്പിക്കുന്നു. |
| സങ്കീ. 36:9 | നിന്റെ പക്കൽ ജീവന്റെ ഉറവുണ്ടല്ലോ; നിന്റെ പ്രകാശത്തിൽ ഞങ്ങൾ പ്രകാശം കാണുന്നു. |

d. വിഗ്രഹാരാധനയിൽ സത്യദൈവത്തെ ആരാധിക്കുന്നതിന്റെ നാട്യമുണ്ട്—പുറ. 32:4-6; 1 രാജാ. 12:26-30.

| | |
|---|---|
| പുറ. 32:4 | അവൻ അതു അവരുടെ കയ്യിൽനിന്നു വാങ്ങി, ഒരു കൊത്തുളികൊണ്ടു ഭാഷവരുത്തി ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി. അപ്പോൾ അവർ: യിസ്രായേലേ, ഇതു നിന്നെ മിസ്രയീംദേശത്തുനിന്നു കൊണ്ടുവന്ന നിന്റെ ദൈവം ആകുന്നു എന്നു പറഞ്ഞു. |
| പുറ. 32:5 | അഹരോൻ അതു കണ്ടാറെ അതിന്നു മുമ്പാകെ ഒരു യാഗപീഠം പണിതു: നാളെ യഹോവെക്കു ഒരു ഉത്സവം എന്നു വിളിച്ചു പറഞ്ഞു. |
| പുറ. 32:6 | പിറ്റെന്നാൾ അവർ അതികാലത്തു എഴുന്നേറ്റു ഹോമയാഗങ്ങൾ കഴിച്ചു സമാധാനയാഗങ്ങളും അർപ്പിച്ചു; ജനം ഭക്ഷിപ്പാനും കുടിപ്പാനും ഇരുന്നു കളിപ്പാൻ എഴുന്നേറ്റു. |
| 1 രാജാ. 12:26 | എന്നാൽ യൊരോബെയാം തന്റെ മനസ്സിൽ: രാജത്വം വീണ്ടും ദാവീദുഗൃഹത്തിന്നു ആയിപ്പോകും; |
| 1 രാജാ. 12:27 | ഈ ജനം യെരൂശലേമിൽ യഹോവയുടെ ആലയത്തിൽ യാഗം കഴിപ്പാൻ ചെന്നാൽ ഈ ജനത്തിന്റെ ഹൃദയം യെഹൂദാരാജാവായ രെഹബെയാം എന്ന തങ്ങളുടെ |

| | |
|---|---|
| | യജമാനങ്കലേക്കു തിരികയും അവർ എന്നെ കൊന്നു യെഹൂദാരാജാവായ രെഹബെയാമിന്റെ പക്ഷം ചേരുകയും ചെയ്യും എന്നു പറഞ്ഞു. |
| 1 രാജാ. 12:28 | ആകയാൽ രാജാവു ആലോചിച്ചു പൊന്നുകൊണ്ടു രണ്ടു കാളക്കുട്ടിയെ ഉണ്ടാക്കി; നിങ്ങൾ യെരൂശലേമിൽ പോയതു മതി; യിസ്രായേലേ, ഇതാ നിന്നെ മിസ്രയീംദേശത്തുനിന്നു കൊണ്ടുവന്ന നിന്റെ ദൈവം എന്നു അവരോടു പറഞ്ഞു. |
| 1 രാജാ. 12:29 | അവൻ ഒന്നിനെ ബേഥേലിലും മറ്റേതിനെ ദാനിലും പ്രതിഷ്ഠിച്ചു. |
| 1 രാജാ. 12:30 | ഈ കാര്യം പാപഹേതുവായിത്തീർന്നു; ജനം ഒന്നിന്റെ മുമ്പിൽ നമസ്കരിപ്പാൻ ദാൻവരെ ചെന്നു. |

e. വിഗ്രഹാരാധനയിൽ ആരാധനയിലെ കലർപ്പുണ്ട്—പുറ. 32:4-6, 21-24.

| | |
|---|---|
| പുറ. 32:4 | അവൻ അതു അവരുടെ കയ്യിൽനിന്നു വാങ്ങി, ഒരു കൊത്തുളികൊണ്ടു ഭാഷവരുത്തി ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി. അപ്പോൾ അവർ: യിസ്രായേലേ, ഇതു നിന്നെ മിസ്രയീംദേശത്തുനിന്നു കൊണ്ടുവന്ന നിന്റെ ദൈവം ആകുന്നു എന്നു പറഞ്ഞു. |
| പുറ. 32:5 | അഹരോൻ അതു കണ്ടാറെ അതിന്നു മുമ്പാകെ ഒരു യാഗപീഠം പണിതു: നാളെ യഹോവെക്കു ഒരു ഉത്സവം എന്നു വിളിച്ചു പറഞ്ഞു. |
| പുറ. 32:6 | പിറ്റെന്നാൾ അവർ അതികാലത്തു എഴുന്നേറ്റു ഹോമയാഗങ്ങൾ കഴിച്ചു സമാധാനയാഗങ്ങളും അർപ്പിച്ചു; ജനം ഭക്ഷിപ്പാനും കുടിപ്പാനും ഇരുന്നു കളിപ്പാൻ എഴുന്നേറ്റു. |
| പുറ. 32:21 | മോശെ അഹരോനോടു: ഈ ജനത്തിന്മേൽ ഇത്രവലിയ പാപം വരുത്തുവാൻ അവർ നിന്നോടു എന്തു ചെയ്തു എന്നു ചോദിച്ചു. |
| പുറ. 32:22 | അതിന്നു അഹരോൻ പറഞ്ഞതു: യജമാനന്റെ കോപം ജ്വലിക്കരുതേ; ഈ ജനം ദോഷത്തിലേക്കു ചാഞ്ഞിരിക്കുന്നതെന്നു നീ അറിയുന്നുവല്ലോ. |
| പുറ. 32:23 | ഞങ്ങൾക്കു മുമ്പായി നടക്കേണ്ടതിന്നു ഒരു ദൈവത്തെ ഉണ്ടാക്കി തരേണം; ഞങ്ങളെ മിസ്രയീംദേശത്തുനിന്നു കൊണ്ടുവന്ന പുരുഷനായ ഈ മോശെക്കു എന്തു ഭവിച്ചു എന്നു ഞങ്ങൾ അറിയുന്നില്ലല്ലോ എന്നു അവർ എന്നോടു പറഞ്ഞു. |

പുറ. 32:24 ഞാൻ അവരോടു: പൊന്നുള്ളവർ അതു പറിച്ചെടുക്കട്ടെ എന്നു പറഞ്ഞു. അവർ അതു എന്റെ പക്കൽ തന്നു; ഞാൻ അതു തീയിൽ ഇട്ടു ഈ കാളക്കുട്ടി പുറത്തു വന്നു.

2. കർത്താവിന്റെ സാന്നിധ്യം ഇനി ജനത്തിന്റെ മധ്യേ ഉണ്ടാകില്ലെന്ന് മോശെ മനസ്സിലാക്കിയതിനാൽ, അവൻ തന്റെ കൂടാരം നീക്കി പാളയത്തിൽനിന്ന് കുറച്ച് അകലെ സ്ഥാപിച്ചു; അവന്റെ കൂടാരം ദൈവത്തിന്റെ കൂടാരമായി മാറി—33:7.

പുറ. 33:7 മോശെ കൂടാരം എടുത്തു പാളയത്തിന്നു പുറത്തു പാളയത്തിൽനിന്നു ദൂരത്തു അടിച്ചു; അതിന്നു സമാഗമനകൂടാരം എന്നു പേർ ഇട്ടു. യഹോവയെ അന്വേഷിക്കുന്നവനെല്ലാം പുറപ്പെട്ടു പാളയത്തിന്നു പുറത്തുള്ള സമാഗമനകൂടാരത്തിലേക്കു ചെന്നു.

3. പേരിൽ കർത്താവിന്റേതാണെങ്കിലും വാസ്തവത്തിൽ വിഗ്രഹങ്ങളെ, അതായത് കർത്താവിനെയല്ലാതെ മറ്റെന്തെങ്കിലും ആരാധിക്കുകയോ, അന്വേഷിക്കുകയോ ചെയ്യുന്ന മതപരമായ ജനത്തെ പാളയം സൂചിപ്പിക്കുന്നു.

4. മോശെ തന്റെ കൂടാരം നീക്കി വിഗ്രഹാരാധനയുടെ പാളയത്തിൽനിന്ന് വേർപെട്ടശേഷം, ഒരു മനുഷ്യൻ തന്റെ സ്നേഹിതനോട് സംസാരിക്കുന്നതുപോലെ, കർത്താവ് അവനോട് മുഖാമുഖം സംസാരിച്ചു—വാ. 11:

പുറ. 33:11 ഒരുത്തൻ തന്റെ സ്നേഹിതനോടു സംസാരിക്കുന്നതുപോലെ യഹോവ മോശെയോടു അഭിമുഖമായി സംസാരിച്ചു. പിന്നെ അവൻ പാളയത്തിലേക്കു മടങ്ങിവന്നു; അവന്റെ ശുശ്രൂഷക്കാരനായ നൂന്റെ പുത്രനായ യോശുവ എന്ന ബാല്യക്കാരനോ കൂടാരത്തെ വിട്ടുപിരിയാതിരുന്നു.

a. ദൈവവും മോശെയും ഒരേ ജോലിയിൽ ഏർപ്പെട്ടിരുന്നവരും ഒരു വലിയ സംരംഭത്തിൽ പൊതുവായ താൽപ്പര്യമുള്ളവരുമായ സ്നേഹിതരും കൂട്ടാളികളും പങ്കാളികളും ആയിരുന്നു.

b. മോശെ ദൈവവുമായി വളരെ അടുപ്പമുള്ളവനായതിനാൽ, അവൻ ദൈവത്തിന്റെ ഹൃദയത്തെ അറിയുന്നവനും, ദൈവത്തിന്റെ ഹൃദയത്തിനനുസൃതമായവനും, ദൈവത്തിന്റെ ഹൃദയത്തെ സ്പർശിക്കാൻ കഴിയുന്നവനും ആയിരുന്നു—വാ. 14.

പുറ. 33:14 അതിന്നു അവൻ: എന്റെ സാന്നിദ്ധ്യം നിന്നോടുകൂടെ പോരും; ഞാൻ നിനക്കു സ്വസ്ഥത നല്കും എന്നു അരുളിച്ചെയ്തു.

c. ദൈവവുമായി ഒരു പൊതു താൽപ്പര്യം പങ്കിടുന്ന വ്യക്തികളാകാനും ഭൂമിയിൽ അവന്റെ സംരംഭം നടപ്പിലാക്കാൻ അവനാൽ ഉപയോഗിക്കപ്പെടാനും കഴിയുന്നതിന്, കർത്താവുമായി ഏറ്റവും അടുപ്പമുള്ളതും ഹൃദ്യവുമായ ബന്ധം പുലർത്തുന്നതിന് നാം

തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിച്ച് വിഗ്രഹാരാധനയുടെ പാളയത്തിന് പുറത്തേക്ക് പോകണം.